ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ചില കമ്പനികളുടെ ഭക്ഷ്യോൽപ്പന്നങ്ങളിൽ കീടങ്ങളും മാലിന്യങ്ങളും അടങ്ങിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) 3 വ്യാപാരികളുടെ പേരിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ആരേയും ഹീഡിപ്പിച്ചതായി പരാതി ലഭിച്ചിട്ടില്ല.

(ഡി) 3 കമ്പനികൾക്കെതിരെ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

ഭൂമിയുടെ താരിഫ് വില

*10 [160] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
" ലൂഡി ലൂയിസ്:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ താരിഫ് വില പ്രസിദ്ധീകരിച്ചുവോ; എങ്കിൽ എന്ന്;

(ബി) അതിൻമേൽ എന്നുവരെ പരാതി നൽകാൻ സമയം നൽകിയിരുന്നു;

(സി) ഈ സമയത്തിനുള്ളിൽ എല്ലാ വില്ലേജ് ഗ്രാമപഞ്ചായത്ത് ഓഫീസുകളിലും താരിഫ് വിലയുടെ പകർപ്പ് എത്തിച്ചിരുന്നുവോ;

(ഡി) താരിഫ് വില പ്രസിദ്ധീകരിച്ചത് ഏതു ഭാഷയിലാണ്;

(ഇ) താരിഫ് വില നിർണ്ണയിക്കുന്നതിനു സ്വീകരിച്ച മാനദണ്ഡം എന്ത് എന്ന് വ്യക്തമാക്കുമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) 5-1-2004-ൽ ഭൂമിയുടെ ന്യായവില പ്രസിദ്ധീകരിച്ചു.

(ബി) ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ 30 ദിവസത്തെ സമയം ജില്ലാ കളക്ടർക്ക് അപ്പീൽ നൽകാൻ അനുവദിച്ചിട്ടുണ്ട്.

(സി) ഈ സമയത്തിനുള്ളിൽ എല്ലാ വില്ലേജ് ഗ്രാമപഞ്ചായത്ത് ഓഫീസുകളിലും ന്യായവിലയുടെ പകർപ്പ് എത്തിയിരുന്നു.

(ഡി) ഇംഗ്ലീഷ് ഭാഷയിലാണ് ന്യായവില പ്രസിദ്ധീകരിച്ചത്.

(ഇ) 1959-ലെ കേരള മുദ്രപത്ര നിയമത്തിലെ വകുപ്പ് 28 (എ) (1) പ്രകാരം ന്യായവില നിശ്ചയിക്കുന്നതിനു താഴെ പറയുന്ന മാനദണ്ഡമാണ് നിലവിലുള്ളത്:

LIBRARY ARCHIVES Kerala Legislative Assembly

(1) ഭൂമി സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ വ്യാവസായിക പ്രാധാന്യം, ജലലഭ്യത, വൈദ്യുതി, ഗതാഗതവും വിനിമയവും.

(2) മാർക്കറ്റ്, ബസ് സ്റ്റേഷൻ, റെയിൽവേസ്റ്റേഷൻ, വ്യവസായശാലകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ മറ്റു സ്ഥാപനങ്ങൾ ഇവയുമായുള്ള സാമീപ്യം.

(3) വസ്തുവിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ്, ഭൂമിയുടെ തരം (തരിശ്, പാഴ്ഭൂമി, തോട്ടങ്ങൾ, ഫലഭൂയിഷ്ടി, വിളവിന്റെ സ്വഭാവം, വിളവിന്റെ കഴിവ്, കൃഷി ചെലവ്).

മായം ചേർത്ത ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുന്നത് തടയാൻ നിയമനിർമ്മാണം

*11 [T161] ശ്രീ. എം. വി. ജയരാജൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷണ സാധനങ്ങളിൽ വ്യാപകമായി മായം ചേർത്ത് വിൽപ്പന നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിനും മായം ചേർത്ത ഭക്ഷണ സാധനങ്ങൾ കണ്ടുപിടിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളിൽ മായം ചേർത്തു വിൽപ്പന നടത്തുന്ന കച്ചവടക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളിൽ മായം കലർത്തുന്നതിനെ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഭക്ഷണ സാധനങ്ങളിലാണ് മായം കലർത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഇ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന വെളിച്ചെണ്ണയിൽ മായം ചേർത്ത് വിൽപ്പന നടത്തുന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(എഫ്) വ്യാജ വെളിച്ചെണ്ണ ഉല്പാദിപ്പിക്കുന്ന മില്ലുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; മായം ചേർത്ത ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യുന്നത് തടയാൻ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മായം ചേർത്ത ഭക്ഷ്യസാധനങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും ആയി 1955-ലെ കേന്ദ്ര ഭക്ഷ്യമായം ചേർക്കൽ നിരോധന നിയമപ്രകാരം സംസ്ഥാനത്ത് നിയമിച്ചിട്ടുള്ള ഫുഡ് ഇൻസ്പെക്ടർമാർ അവരുടെ അധികാര പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ നിന്നും നിയമാനുസൃതമായി സാമ്പിളുകൾ ശേഖരിച്ച് പരിശോധിപ്പിച്ച് മായം ചേർത്തിട്ടുള്ളതായി കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly